6882
16/6/15

# കേരള സർക്കാർ
## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ കോഴിക്കോട് - ജനറൽ കോഴ്സ് പരിശീലനം നടത്തുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതി - തുക അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 340/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 05.06.2015.

==========================================================================

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 24.04.2015-ലെ എച്ച് 2 -12802/15 നമ്പർ കത്ത്.

2. 16.05.2015-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

## ഉത്തരവ്

കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ജനറൽ കോഴ്സുകൾക്ക് പഠിതാക്കളായി എത്തുന്ന 30 കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതിക്ക് അനുമതി നൽകണമെന്നും ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 2235-02-101-84 (പ്ലാൻ) ശീർഷകത്തിൽ നിന്നും 2,70,000/- രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2 16.05.2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത ശുപാർശ അംഗീകരിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിൽ ജനറൽ കോഴ്സ് പരിശീലനം നടത്തുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയും ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 2235-02-101-84 (പ്ലാൻ) ശീർഷകത്തിൽ നിന്നും 2,70,000/- രൂപ (രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) അനുവദിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ), കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്
6. പ്ലാനിംഗ് & ഇ.എ. വകുപ്പ്.
7. സാമൂഹ്യനീതി (എ3) വകുപ്പ്.
8. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യു മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.